മാഷാ അള്ളായും ഇൻഷാ അള്ളായും

വിശ്വാസി തനിയ്ക്കു് അള്ളാഹു നൽകിയ കഴിഞ്ഞകാല വിഭവങ്ങളെ ഹൃദയപൂർവ്വം സ്വീകരിച്ചു് **مَا شَآءَ ٱللَّهُ**/മാഷാ അള്ളാഅ' (അള്ളാഹുവിന്റെ നിശ്ചയമിതാണു്) എന്നു പറഞ്ഞു് അള്ളാഹുവിന്റെ വിധിയിൽ തൃപ്തി അറിയിയ്ക്കുന്നു. 0/33

വരാനിരിയ്ക്കുന്നതു് വിശ്വാസിയെ ആകുലപ്പെടുത്തുന്നില്ല.
അയാൾ നന്മ മാത്രം ആഗ്രഹിയ്ക്കുന്നു.
ആ ആഗ്രഹം ഈമാനിലധിഷ്ടിതമാണു്.
അയാൾ أَن يَشَآءَ ٱللَّهُ / ഇൻഷാ അള്ളാഅ' (അള്ളാഹു നിശ്ചയിച്ചാൽ മാത്രം) എന്നുരുവിടുന്നു. 0/57

അള്ളാഹുവിൽ തൃപ്തിപ്പെട്ട അവന്റെ ദാസനിൽ അള്ളാഹുവും തൃപ്തിപ്പെടുന്നു.
അയാളുടെ ഖൽബിൽ സമാധാനം പെയ്തിറങ്ങുന്നു.
അയാളിൽ വികാര വിചാരങ്ങളുടെ ഓളങ്ങൾ ശാന്തമാകുന്നു.
മനസ്സും ബുദ്ധിയും ഖൽബുമായി പാരസ്പര്യത്തിൽ വർത്തിയ്ക്കുന്നു.

വിശ്വാസിയുടെ ജീവിതം മാഷാ അള്ളാഅ'യ്ക്കും ഇൻഷാ അള്ളാഅ'യ്ക്കുമിടയിലാണു്. 1/33

കാലാതീതമായ നൂറിന്റെ ആയിടം വിശ്വാസിയെ കുഫുറിൽ നിന്നു വേർപെടുത്തുന്നു.
ആ ദാസനെ അള്ളാഹു പ്രകാശപൂരിതമാക്കുന്നതിലേയ്ക്കു നയിയ്ക്കുന്നു.
അള്ളാഹു പറയുന്നു:

يَهْدِى ٱللَّهُ لِنُورِهِۦ مَن يَشَآءُ

അല്ലാഹു തന്റെ വെളിച്ചത്തിലേക്ക് താനിച്ഛിക്കുന്നവരെ നയിക്കുന്നു.

അള്ളാഹു നിശ്ചയിയ്ക്കുന്നവരെ / അവനിഷ്ടപ്പെട്ടവരെ നൂറിലേയ്ക്കു നയിയ്ക്കുന്നു.2/13

ആ നൂറിലേയ്ക്കുള്ളതാണു് സ്വിറാത്തൽ മുസ്തഖീമെന്ന നേർപാത.
നന്മ ആഗ്രഹിയ്ക്കുന്നവർ/ സമാധാനം രുചിച്ചവർ ആ പാതയിലെത്തുവാൻ ആഗ്രഹിയ്ക്കുന്നു.
അവർക്കു് പരിശുദ്ധ ഖുർആനിൽ നിന്നു് മാർഗ്ഗ ദർശനം ലഭിയ്ക്കുന്നു.2/53

അത്തക്‌വീർ : 27-29

إِنْ هُوَ إِلَّا ذِكْرٌ لِّلْعَٰلَمِينَ

ഇത് ലോകർക്കാകെയുള്ള ഉദ്ബോധനമല്ലാതൊന്നുമല്ല;

لِمَن شَآءَ مِنكُمْ أَن يَسْتَقِيمَ

നിങ്ങളിൽ നേർവഴിയിൽ നടക്കാനാഗ്രഹിക്കുന്നവർക്ക്.

وَمَا تَشَآءُونَ إِلَّآ أَن يَشَآءَ ٱللَّهُ رَبُّ ٱلْعَٰلَمِينَ

എന്നാൽ മുഴുലോകരുടെയും നാഥനായ അല്ലാഹു ഇച്ഛിക്കുന്നതല്ലാതൊന്നും നിങ്ങൾക്ക് ആഗ്രഹിക്കാനാവില്ല

3/49

മുഴുലോകരുടെയും നാഥനായ അല്ലാഹു എല്ലാവർക്കുമായി ഇറക്കിയിട്ടുള്ള ഉദ്ബോധനമാണു് പരിശുദ്ധ ഖുർആൻ.
ആ സത്യം വെളിപ്പെടുത്തുന്ന മേൽ ആയത്തുകൾ തന്നെ അള്ളാഹുവിന്റെ ശക്തമായ ഉദ്ബോധനത്തെ വഹിയ്ക്കുന്നു.

മനുഷ്യനു് നേർവഴിയിൽ സഞ്ചരിയ്ക്കണമെങ്കിൽ അതിനുള്ള ആത്മാർത്ഥമായ ആഗ്രഹമുണ്ടാകണമെന്നു് അള്ളാഹു പറയുന്നു.
എന്നാൽ  അവനിച്ഛിയ്ക്കാതെ/ അവനുദ്ദേശിയ്ക്കാതെ ഒരാഗ്രവും ജനിയ്ക്കുന്നില്ല.
അള്ളാഹുവാണു് എല്ലാ ആഗ്രഹങ്ങളുടെയും ഉറവിടം.
ആ ഉറവിടം അന്വേഷിയ്ക്കുന്ന വാഞ്ച വ്യക്തിയെ നേർപാതയിലേയ്ക്കു നയിയ്ക്കുന്നു.
ഖുർആൻ അതിനു വഴി കാട്ടിയാകുന്നു.4/51

പരി. ഖുർആനിൽ മനുഷ്യന്റെ ആഗ്രഹത്തിനും അള്ളാഹുവിന്റെ വിധിയ്ക്കും, ആഗ്രഹം, ഇഷ്ടം, ഇച്ഛ എന്നീ അർത്ഥം വരുന്ന ശാഅ' എന്ന പദമുപയോഗിച്ചിരിയ്ക്കുന്നു.

അള്ളാഹു അൽ-ഗനിയ്യ് ആണു്, സ്വയം പര്യാപ്തനാണു്.
കുറവുകളില്ലാത്ത പടച്ച തമ്പുരാനു് ആഗ്രഹങ്ങളില്ല. 5/19
ഈ ആയത്തിൽ  പരാമർശിയ്ക്കുന്ന ആഗ്രഹം അവന്റെ ഹിക്മത്തെന്ന യുക്തിജ്ഞാനമാണു്.
അള്ളാഹു അലീമുൻ ഹഖീമാണു്.  അവൻ സൂക്ഷ്മജ്ഞനും യുക്തിജ്ഞനുമാണു്.
എല്ലാമുൾക്കൊള്ളുന്ന അവന്റെ സൂക്ഷ്മ ജ്ഞാനം / ഇൽമു സമയാതീത ആത്യന്തിക സത്യമാണു്/ ഹഖാണു്.
അതു് അള്ളാഹുവിന്റെ ഖദ്ർ ആണു്. അതവന്റെ സ്ഥിരപ്പെട്ട തീരുമാനമാണു്/പദ്ധതിയാണു്.

അള്ളാഹു പറഞ്ഞു:

അൽമുൽക്ക് : 13-14

وَأَسِرُّوا۟ قَوْلَكُمْ أَوِ ٱجْهَرُوا۟ بِهِۦٓ ۖ إِنَّهُۥ عَلِيمٌۢ بِذَاتِ ٱلصُّدُورِ

നിങ്ങളുടെ വാക്ക് നിങ്ങൾ രഹസ്യമാക്കുകയോ പരസ്യമാക്കുകയോ ചെയ്യുക. തീർച്ചയായും ഹൃദയങ്ങളിലുള്ളതെല്ലാം അറിയുന്നവനാണവൻ.

أَلَا يَعْلَمُ مَنْ خَلَقَ وَهُوَ ٱللَّطِيفُ ٱلْخَبِيرُ

സൃഷ്ടിച്ചവൻ അറിയുകയില്ലെന്നോ! അവൻ രഹസ്യങ്ങളറിയുന്നവനും സൂക്ഷ്മജ്ഞാനിയുമാണ്.5/55

സൃഷ്ടാവായ അള്ളാഹുവിന്റെ ഇൽമിൽപ്പെട്ടതാണു്, മനുഷ്യ ഖൽബിന്റെ അവസ്ഥ.
അതുണ്ടാക്കുന്ന  വികാര വിചാരങ്ങളുടെ അലകൾ, അവയിലൂടെ ഉദ്പാദിയ്ക്കപ്പെടുന്ന ചെയ്തികൾ ഇവ അവന്റെ ഹിക്മത്തിന്റെ ഭാഗമാണു്.
അവന്റെ ഇൽമ് / സ്ഥലകാലങ്ങൾക്കപ്പുറത്തെ അനന്തമായ അറിവു് /തീരുമാനം സമയ ലോകത്തെ മനുഷ്യന്റെ ഉത്തരവാദിത്വത്തെ ഇല്ലായ്മ ചെയ്യുന്നില്ല.7/38

അള്ളാഹുവിന്റെ ഹിക്മത്തു്/ യുക്തി ജ്ഞാനം സൃഷ്ടികളുമായി ബന്ധപ്പെട്ട സമയബന്ധിത ബാഹ്യ ജ്ഞാനമാണു്.
അതു് സൃഷ്ടികളുമായുള്ള സമയാധിഷ്ഠിത കാര്യനിർവഹണത്തിനു  വേണ്ട ജ്ഞാനമാണ്. അള്ളാഹു പറയുന്നു.

അർറഹ്മാൻ : 29

يَسْـَٔلُهُۥ مَن فِى ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ كُلَّ يَوْمٍ هُوَ فِى شَأْنٍ

ആകാശഭൂമികളിലുള്ളവയൊക്കെയും തങ്ങളുടെ ആവശ്യങ്ങൾ അവനോട് ചോദിച്ചുകൊണ്ടിരിക്കുന്നു. അതിനാൽ അവനെല്ലാ സമയക്രമങ്ങളിലും കാര്യനിർവഹണം നടത്തുന്നു.8/29/

ഇൽമ് മുൻ പിൻ അറിയുന്ന അള്ളാഹുവിന്റെ ശ്രേഷ്ഠതരമായ ജ്ഞാനമാണു്.
അതറിയുവാനാണു് മൂസ നബി(അ)യോടു് ഇരു റഹുമത്തുകൾ ചേരുന്നയിടത്തിലെ നൂറായ റൂഹിനെ തേടുവാൻ കല്പിച്ചതു്.

ബാഹ്യ ജ്ഞാനം സത്യമായ യുക്തി ജ്ഞാനമാവുന്നതു് ഇൽമ് കൊണ്ടു്/ഈമാൻ കൊണ്ടു് പൊതിയപ്പെടുമ്പോഴാണു്.
അള്ളാഹു തൃപ്തിപ്പെട്ട നഫുസ്സുകളെ അവൻ  നൂറിലേയ്ക്കു വഴി നടത്തുന്നു, അവർക്കു് ഇൽമ്/ഈമാൻ സമ്മാനിയ്ക്കുന്നു.

അതു് ആ മനസ്സുകളെ നേർവഴി തേടാൻ പ്രേരിപ്പിയ്ക്കുന്നു.
ആ ആഗ്രഹം ഇൽമു ജനിപ്പിയ്ക്കുന്ന പ്രതിബിംബങ്ങളിൽപ്പെട്ടതാണു്.
ആ പ്രതിബിംബങ്ങളെ അള്ളാഹു അംസാൽ എന്ന പദം കൊണ്ടു പരിചയപ്പെടുത്തുന്നു.

يَهْدِى ٱللَّهُ لِنُورِهِۦ مَن يَشَآءُ ۚ

وَيَضْرِبُ ٱللَّهُ ٱلْأَمْثَٰلَ لِلنَّاسِ ۗ

അല്ലാഹു തന്റെ നൂറിലേയ്ക്കു് താനിച്ഛിക്കുന്നവരെ നയിക്കുന്നു. അവൻ സർവ ജനത്തിനുമായി അംസാലുകൾ വിശദീകരിക്കുന്നു. 9/54

ബാഹ്യ ലോകം മനസ്സിൽ സൃഷ്ടിയ്ക്കുന്ന പ്രതിബിംബങ്ങൾ ഇൽമുമായി ബന്ധപ്പെടുമ്പോൾ ഹിക്മത്തെന്ന യുക്തി ജ്ഞാനമുണ്ടാകുന്നു.
ഹൃദയബന്ധമുള്ള/ഇൽമിൽ നിന്നുള്ള അത്തരം അംസാൽ സൃഷ്ടിയ്ക്കുന്നു.
ഹൃദയബന്ധം നഷ്ടമാവുമ്പോൾ അംസാൽ ഇൽമിൽ സംസ്ക്കരിയ്ക്കപ്പെടാതെ പോകുന്നു. 10/36
ഇൽമെന്ന അസലിന്റെ വെളിച്ചത്തിൽ പരിശോധിയ്ക്കപ്പെടാത്ത അംസാൽ ഊഹാപോഹ ജടിലമാണു്.
ഹൃദയബന്ധം വിച്ഛേദിച്ച മനസ്സുകൾക്കുള്ളതു് വികാര വിചാരങ്ങളാൽ നിയന്ത്രിയ്ക്കപ്പെടുന്ന ബാഹ്യജ്ഞാനം മാത്രമാണു്.

ഉള്ളിൽ വെളിച്ചം പകരുന്നതു് റൂഹ് ആണു്.
റൂഹ് അള്ളാഹുവിന്റെ നിയന്ത്രണത്തിൽ മാത്രം പ്രവർത്തിയ്ക്കുന്ന അള്ളാഹുവിന്റെ ഇംഗിതം നടപ്പാക്കുന്ന മലക്കാണു്.
അതു് മനസ്സിൽ നേർപാത തേടുവാനുള്ള ത്വരയുണ്ടാക്കുന്നു,
അതിനാൽ അള്ളാഹു പറഞ്ഞു: മുഴുലോകരുടെയും നാഥനായ അല്ലാഹു ഇച്ഛിക്കുന്നതല്ലാതൊന്നും നിങ്ങൾക്ക് ആഗ്രഹിക്കാനാവില്ല.
ഖദ്റിലെ വിധിയാണു്/ തീരുമാനമാണു് മനുഷ്യ മനസ്സിൽ ആഗ്രഹം ജനിപ്പിയ്ക്കുന്ന അവന്റെ ഹിക്മത്തായ അറിവിലെ ഇച്ഛ/ആഗ്രഹം.11/51

അള്ളാഹു ഖദ്റിൽ നിന്നു് ബാഹ്യ പ്രപഞ്ചത്തെ സൃഷ്ടിയ്ക്കുന്നു.
അങ്ങനെ ഖദ്റിനെ യൗമെന്ന സമയക്രമത്തിനകത്തു് പ്രകാശിപ്പിയ്ക്കുന്നു.
ഹഖായ ഖദ്ർ സൃഷ്ടപ്പിൽ ആപേക്ഷിക യാഥാർത്ഥ്യമായി മാറുന്നു.
ആപേക്ഷിക ബാഹ്യ ജ്ഞാനത്തിലെ സത്യമുൾക്കൊള്ളാൻ കഴിയുന്നതു്, ഹൃദയത്തിൽ സ്വീകരയ്ക്കപ്പെടുന്ന ഇൽമിന്റെ പശ്ചാത്തലത്തിലാണു്.
ഇൽമിന്റെ ആദ്യ ചുവടാണു്, ഈമാൻ.

ബാഹ്യ പ്രപഞ്ചത്തിൽ ഇന്ദ്രിയങ്ങൾക്കുള്ള വിഭവങ്ങളും ദൃഷ്ടാന്തങ്ങളുമുണ്ടു്.
അങ്ങനെ സ്വീകരിയ്ക്കപ്പെടുന്ന വിഭവങ്ങൾ ശരീരവും മനസ്സും ബുദ്ധിയുമായി ബന്ധപ്പെട്ട ഭൗതിക സാഹചര്യങ്ങളെ പരിപോഷിപ്പിയ്ക്കുവാനുള്ളതാണു്.12/47

സ്വാഭാവിക പ്രകൃതം / ഫിത്ത്റ അനുസരിച്ചു ജീവിയ്ക്കുന്ന സമൂഹ നഫുസ്സുകൾക്കുള്ളതാണു് ബാഹ്യ ആയത്തുകൾ/ ദൃഷ്ടാന്തങ്ങൾ.
അവ അവരുടെ ആത്മീയ ശരീരത്തിന് / നഫുസ്സിന് വഴികാട്ടുന്ന ഈമാനിനെ പ്രദാനം ചെയ്യുന്നു.
ഫിത്ത്റയുടെ ഉറവിടം മനുഷ്യ ഹൃദയത്തിൽ ഉള്ളടക്കി നൽകിയിട്ടുള്ള ജ്ഞാനപ്രപഞ്ചമാണ്.
അതു് ഖദ്റിൽ നിന്നുള്ള ആന്തരിക ഖുർആനാണു്.

വിഭവാസക്തി ഫിത്ത്റയെ ഉള്ളിലേയ്ക്കകറ്റുന്നു.
അതു ബാധിച്ച പരിഷ്കൃത സമൂഹങ്ങൾക്കു് വഴികാട്ടിയായി പ്രകൃതിയിൽ ശക്തമായ ദൃഷ്ടാന്തങ്ങൾ ഒരുക്കിയിട്ടുണ്ടു്. 13/41
എങ്കിലും പൂരിഭാഗം പേരും അതിൽ അശ്രദ്ധരാണു്.
അവർക്ക് ഫിത്ത്റയിലേയ്ക്കു് മാർഗ്ഗ ദർശനമായി ഖദ്റിൽ നിന്നു തന്നെ പരിശുദ്ധ ഖുർആനിനെ അള്ളാഹു സുബു. ഇറക്കി നൽകിയിരിയ്ക്കുന്നു.
ഖുർആൻ സമ്മാനിയ്ക്കുന്നതു് പ്രകൃതിദത്ത/ ഫിത്തുറയിലധിഷ്ടിത ദീനിനെയാണു്.

അർറൂം : 30

فَأَقِمْ وَجْهَكَ لِلدِّينِ حَنِيفًا ۚ فِطْرَتَ ٱللَّهِ ٱلَّتِى فَطَرَ ٱلنَّاسَ عَلَيْهَا ۚ لَا تَبْدِيلَ لِخَلْقِ ٱللَّهِ ۚ ذَٰلِكَ ٱلدِّينُ ٱلْقَيِّمُ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ

14/43

**അതിനാല്‍ ശ്രദ്ധയോടെ നീ നിന്റെ മുഖം ഈ ദീനിനു നേരെ/ ദര്‍ശനത്തിനു നേരെ ഉറപ്പിച്ചുനിര്‍ത്തുക. അല്ലാഹു മനുഷ്യരെ പടച്ചത് ഏതൊരു പ്രകൃതിയിലൂന്നിയാണോ ആ ഫിത്തുറ/പ്രകൃതി തന്നെയാണ് ഇത്. അല്ലാഹുവിന്റെ സൃഷ്ടിഘടനക്ക് മാറ്റമില്ല. ഇതുതന്നെയാണ് ഏറ്റം ചൊവ്വായ മതം. പക്ഷേ; ജനങ്ങളിലേറെ പേരും അതറിയുന്നില്ല.**

ബാഹ്യ ഖുര്‍ആനില്‍ നിന്നാരംഭിച്ചു് ഉള്ളിലെ ഖുര്‍ആനിലെത്തുന്ന പാതയെ അല്ലാഹു ബയാനെന്നു വിളിച്ചു. 15/26
ബയാനിലൂടെ വിശ്വാസി അകത്തെ ഖുര്‍ആനില്‍ നിന്ന് ദീനെന്ന ജ്ഞാന ദര്‍ശനം സ്വീകരിയ്ക്കുന്നു.
ഹിക്മത്തും ഇല്‍മുമായി ഉള്ള പാരസ്പര്യം അതിലൂടെ സൃഷ്ടിയ്ക്കപ്പെടുന്നു.
ബയാനിന്റെ ആദ്യ പടി വായനയാണു്.

അതുകൊണ്ടു തന്നെ നബി (സ)യ്ക്കു് ആദ്യമെത്തിച്ച കല്പന 'ഇക്ര് / വായിയ്ക്കൂ' വെന്നാണു്.
അതു മാനവരാശിയ്ക്കുള്ള കല്പനയാണു്.
അതനുസരിയ്ക്കുന്നയാള്‍ ഈമാനിലേയ്ക്കു ചുവടു വെയ്ക്കുന്നു.
അതു് ഇല്‍മായി വളരുന്നു.16/05
അല്ലാഹു പറഞ്ഞു:

അര്‍റൂം : 53

وَمَآ أَنتَ بِهَٰدِ ٱلْعُمْىِ عَن ضَلَٰلَتِهِمْ ۖ إِن تُسْمِعُ إِلَّا مَن يُؤْمِنُ بِـَٔايَٰتِنَا فَهُم مُّسْلِمُونَ

കണ്ണുപൊട്ടന്മാരെ അവരുടെ വഴികേടില്‍ നിന്ന് നേര്‍വഴിയിലേക്കു നയിക്കാനും നിനക്കാവില്ല. നമ്മുടെ വചനങ്ങളില്‍ വിശ്വസിക്കുകയും അങ്ങനെ അനുസരണമുള്ളവരായിത്തീരുകയും ചെയ്തവരെ മാത്രമേ നിനക്കു കേള്‍പ്പിക്കാന്‍ കഴിയുകയുള്ളൂ.

അല്ലാഹുവിന്റെ നാമത്തില്‍ ഖുര്‍ആന്‍ പാരായണം ചെയ്തു് വിശ്വാസി ഹഖുല്‍ യഖീന്‍ എന്ന ആത്യന്തിക സത്യത്തിലേയ്ക്കെത്തുന്നു.
അന്തിമമായി ഇറക്കപ്പെട്ട ഖുര്‍ആനിന്റെ വായന ഒഴിവാക്കിയുള്ള മറ്റേതൊരു വായനയും പൂര്‍ണ്ണതയിലേയ്ക്കു നയിക്കുകയില്ല. 17/03
മുന്‍ വേദങ്ങളിലെ സത്യ വചനങ്ങള്‍ അതിലേയ്ക്കു് എത്തിയ്ക്കുന്നവയാണ്.
വ്യക്തി-മനസ്സില്‍ ഖുര്‍ആന്‍ പാരായണത്തിനാഗ്രഹമുണ്ടായതു കൊണ്ടു മാത്രം അയാള്‍ നേര്‍പാതയിലേയ്ക്കു നയിയ്ക്കപ്പെടുന്നില്ല.
അതിനു് അല്ലാഹുവിന്റെ നിശ്ചയം വേണം.
ആ നിശ്ചയമറിയുവാനുള്ള ആത്മാര്‍ത്ഥമായ ആഗ്രഹമുണ്ടാവണം.
അതു ആന്തരിക ഖുര്‍ആനിലേയ്ക്കു നയിയ്ക്കും.
അവിടെയാണു് ഹിദായത്തെന്ന സന്മാര്‍ഗ്ഗത്തിലേയ്ക്കുള്ള കവാടമുള്ളതു്.

അവിടെയെത്തിയാല്‍ അല്ലാഹുവിന്റെ ഇച്ഛ / അവന്റെ നിശ്ചയം അറിഞ്ഞു കഴിഞ്ഞു.
അയാള്‍ അപ്പോള്‍ തന്നെ സൃഷ്ടിച്ച തമ്പുരാന്‍ തെളിയിയ്ക്കുന്ന ഈമാനെന്ന കാലാതീത പാതയിലാണു്.
അയാളുടെ മനസ്സും ബുദ്ധിയും ക്ഷമയോടെ അകമേ തിരിഞ്ഞ് വെളിച്ചം തേടും.
നേര്‍വഴിയിലേയ്ക്കു നയിയ്ക്കപ്പെടാത്ത വ്യക്തി അകമേ നോക്കുവാന്‍ ഭയക്കും. 18/03
ഭൗതിക നഷ്ടമുണ്ടാവുമെന്നു് ആകുലപ്പെടും.
ഭൗതികാസക്തി അയാളുടെ ഖല്‍ബില്‍ ഇരുട്ടു നിറയ്ക്കുന്നു.
മനസ്സിന്റെ ഇച്ഛകളെയും ഊഹാപോഹങ്ങളെയും പിന്തുടര്‍ന്നു് അയാള്‍ അന്ധകാര കയങ്ങളിലേയ്ക്കു കൂപ്പു കുത്തുന്നു.
അയാളെ സംബന്ധിച്ച അല്ലാഹുവിന്റെ നിശ്ചയവും അപ്രകാരം തന്നെയാണു്.

മുൻ പിൻ കാണുന്ന അള്ളാഹുവിന്റെ ഹഖായ ഇൽമിൽ  അയാളുടെ ആഗ്രഹങ്ങളും ചിന്തകളും ചെയ്തികളും  രേഖപ്പെട്ടു കിടക്കുന്നു.   18/44
അവയുടെ ഉത്തരവാദിത്വത്തിൽ നിന്ന് അയാൾക്കു് മോചനമില്ല.

സമയത്തെ മുൻകടക്കുന്ന പടച്ച തമ്പുരാന്റെ ആ തീരുമാനത്തിൽ കലുഷിതമാകുന്ന അവിശ്വാസിയുടെ മനസ്സ് നാട്ടിൽ കുഴപ്പങ്ങൾ സൃഷ്ടിയ്ച്ചു്  സ്വൈര ജീവിതത്തെ ഹനിയ്ക്കുവാൻ പോന്നതാണു്.
അള്ളാഹു അ'ലം.19/13

*********